# SSLC PRE MODEL EVALUATION 2023     MPM 101A

## കേരളപാഠാവലി

PART B

Time:45 mts                                                                                   Total Score: 20

**1 മുതൽ3 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക 1 സ്കോർ വീതം**

1."ബ്രാഹ്മണൻ രാജാവിൻെറ കൽപ്പന കിട്ടിയിട്ടേ യുദ്ധംചെയ്യാവൂ".അടിവരയിട്ട പദത്തിൻെറ ഒറ്റപ്പദമെഴുതുക

(a രാജകൽപ്പന b.രാജാവാകുന്ന കല്പന c.രാജാവും കൽപനയും d.രാജാവിനുള്ള കല്പന)

2.'എൻെറ സത്യസന്ധത എനിക്കുനൽകിയ ആനന്ദം ആ മുപ്പതു രൂപയെക്കാൾ എത്രയോ വലുതായിരുന്നു.' വാക്യം മുന്നോട്ടുവെക്കുന്ന ജീവിത വീക്ഷണം

(a.സത്യം ജീവിതത്തിലെ ഏറ്റവും വലിയ മൂല്യം,b.പണമാണ് ജീവിതത്തിൻെറ അടിസ്ഥാനം,c.പണംകൊണ്ട് എല്ലാം നേടാനാവില്ല,d.ജീവിതത്തിൽ സത്യത്തിന് പ്രാധാന്യമില്ല)

3.'ആരൊരാളെൻ കുതിരയെക്കെട്ടുവാൻ

ആരൊരാളതിൻ മാർഗം മുടക്കുവാൻ ' കവിയുടെ ഈ ആത്മവിശ്വാസത്തിന് കാരണം

(a.കുതിരയുടെ ശക്തിയിലുള്ള വിശ്വാസം,b.സർഗശക്തി നൽകിയ ആത്മവിശ്വാസം c.മാർഗം സുഗമമായത്,d.കായികശക്തിയിലുള്ള വിശ്വാസം)

**4 മുതൽ ആറ് വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക (2 സ്കോർ വീതം)**

4.'ധരണിയിലുള്ള പരിഷകൾ നളനെ ചെന്നുകാണും

അവർക്കുവേണ്ടും കാര്യം നളനും സാധിപ്പിക്കും'

ദൂരത്തുനിന്നാരും വരികയില്ല നമ്മെ കാണ്മാൻ .'....     വരികളിൽ വ്യക്തമാവുന്ന പുഷ്കരൻെറ മാനസികാവസ്ഥ വ്യക്തമാക്കുക

5.'ആർക്കുള്ളൂ എൻേറതിനെക്കാൾ നല്ല അവസാനം.'    -ദുര്യോധനൻ ഇങ്ങനെ ചിന്തിക്കുന്നതിന് അടിസ്ഥാനമായ രണ്ട് കാരണങ്ങൾ എഴുതുക

6.'സന്താമായി ഒരു മഹാർ ആണെന്ന് മനസ്സിലാക്കിയപ്പോൾ ചെരുപ്പ കുത്തി ചെരിപ്പുതുന്നാൻ കൂട്ടാക്കിയില്ല' .-വരികളിൽ തെളിയുന്ന സാമൂഹ്യപശ്ചാത്തലത്തെകുറിച്ച് രണ്ട് സൂചനകൾ എഴുതുക

**(7 മുതൽ9 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 4 സ്കോർവീതം)**

7.'അവനെന്നെ കുഠം പിടിച്ച പട്ടിയെപോലെ ആട്ടിപ്പായിച്ചു.'  അമ്മയുടെ ഹൃദയവേദന ഈ വരികളിൽ തെളിയുന്നുണ്ടോ ? വ്യക്തമാക്കുക

8.'പഴതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു.'

'പുഷ്കര ,നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ. '      വരികളിലെ **പഴുതേ** എന്ന പ്രയോഗം ഒരേ സമയം നിരാശയും പ്രതീക്ഷയുമാണ് .സ്വാഭിപ്രായം രേഖപ്പെടുത്തുക.

9.'നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു-

മെൻകുതിരയെ ചെമ്പൻകുതിരയെ ' കവിതയിലെ കുതിര എന്തിൻെയെല്ലാം പ്രതീകമാണ് ?വിശദമാക്കുക

**10 മുതൽ 11 വരെ ചോദ്യങ്ങളിൽ ഒന്നിന് ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 6 സ്കോർ**

10. 'രാത്രി ആളുകളുറങ്ങി എത്രക്ക് നിശ്ശബ്ദമായ ശിബിരത്തിലേക്കാണോ താൻ കടന്നുചെന്നത് ,അത്രയ്ക്ക നിശ്ശബ്ദമായ ശിബിരത്തിൽ നിന്ന് ദ്രൗണി പുറത്തേക്കും പോന്നു.'യുദ്ധത്തിൻെറ ഭീകരത എപ്രകാരമാണ് മനുഷ്യ വർഗത്തെ ബാധിക്കുന്നത് .? വിശദമാക്കുക

11.'ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണെന്നെ പഠിപ്പിച്ചത്'.ദസ്തയേവ്സ്കി നടന്നു തീർത്ത കഠിന ജീവിതവഴികൾ വരിയിൽ തെളിയുന്നുണ്ടോ ? വിശകലനക്കുറിപ്പ് തയ്യാറാക്കുക